## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (പി.എച്ച്) നടപടിക്രമം

വിഷയം:- ആ.വ.ഡ- സംസ്ഥാനം നേരിട്ടുകൊണ്ടിരുന്ന പ്രളയ ദുരന്തത്തിന്റെ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് 10/09/2018 മുതൽ 09/10/2018 വരെ താൽക്കാലികാടിസ്ഥാനത്തിൽ 30 ദിവസത്തേക്ക് നിയമനം നൽകിയ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ജീവനക്കാരെ നിയമനം പൂർത്തീകരിക്കുന്ന തീയതിയിൽ പിരിച്ച് വിട്ട് ഉത്തരവാകുന്നു.

പരാമർശം:- 1) സ.ഉ (സാധാ)നം- 2626/18 ആ.കു.വ തീയതി. 19/08/2018
2) ഉത്തരവ് നം. ഇജി.2/70840/18 ആ.വ.ഡ തീയതി. 26/08/2018
3) ഉത്തരവ് നം. ഇജി2/70840/18 ആ.വ.ഡ തീയതി. 30/08/2018
4) ഉത്തരവ് നം. ഇജി2/70840/18 ആ.വ.ഡ തീയതി. 03/09/2018
5) ഉത്തരവ് നം.ഇ.ജി2/70840/18/ആ.വ.ഡ തീയതി. 06/09/2018
6) ഉത്തരവ് നം. ഇജി2/70840/18(1)/ആ.വ.ഡ തീയതി. 22/09/2018
7) സർക്കാർ ഉത്തരവ് ജി.ഒ (ആർ.റ്റി)നം.7109/18/ തീയതി. 20/08/2018.
8) ഉത്തരവ് നം. ഇജി2/70840/18/ആ.വ.ഡ തീയതി. 22/09/2018, 03/10/2018.

### ഉത്തരവ് നം. ഇ.ജി2-70840/2018/ആ.വ.ഡ തീയതി. 09 / 10 /2018.

ആരോഗ്യവകുപ്പ്/ ആരോഗ്യവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന Diploma In Health Inspector Course പാസ്സായവരിൽ നിന്നും സേവനസന്നദ്ധതയുള്ള വരെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 വിഭാഗത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിൽ പരാമർശം 2 മുതൽ 5 വരെയുള്ള ഉത്തരവുകൾ പ്രകാരം മൂന്ന് ഘട്ടങ്ങളിലായി 30 ദിവസത്തേക്ക് താൽക്കാലികമായി നിയമനം നൽകിയിരുന്നു.

പരാമർശം 5 പ്രകാരം 10/09/2018 മുതൽ 09/10/2018 വരെ 30 ദിവസത്തേക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 വിഭാഗത്തിൽ താൽക്കാലികമായി 108 ജീവനക്കാരെ നിയമിച്ചിരുന്നു. ആയതിൻ പ്രകാരം 10/09/2018 മുതൽ 30 ദിവസം പൂർത്തിയാക്കുന്ന താൽക്കാലിക ജീവനക്കാരെ 09/10/2018 അപരാഹ്നത്തിൽ നിന്നും പിരിച്ചുവിട്ട് ഇതിനാൽ ഉത്തരവാകുന്നു.

അതാതു ജില്ലാമെഡിക്കൽ ആഫീസർമാർ പരാമർശം 5 പ്രകാരം നിയമനം നൽകിയ ജീവനക്കാരുടെ നിയമന കാലയളവ് പൂർത്തിയാക്കുന്ന തീയതിയായ 09/10/2018 അപരാഹ്നത്തിൽ തന്നെ ഇവരെ പിരിച്ചുവിടേണ്ടതും മേൽവിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. ജീവനക്കാർക്ക് വേതനമായ 23565/- രൂപ ( ഇരുപത്തി മൂവായിരത്തി അഞ്ഞൂറ്റി അറുപത്തി അഞ്ച് രൂപ) നൽകുന്നതിന് ബന്ധപ്പെട്ട ജീവനക്കാരുടെ ബാങ്ക് ബ്രാഞ്ചിന്റെ പേര്, ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്ക് IFSC Code എന്നീ വിവരങ്ങൾ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ജില്ലാ മെഡിക്കൽ ആഫീസർമാർ വാങ്ങി സൂക്ഷിക്കേണ്ടതും വേതന തുക കണക്കാക്കി ജീവനക്കാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകേണ്ടതുമാണ്. ഇതിലേക്കായി ചെലവഴിക്കുന്നതിന് 2210-06-101-49-34 (Plan Voted) എന്ന ശീർഷകത്തിൽ പരാമർശം (6) പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

ജീവനക്കാർക്ക് തുടർച്ചയായ ആറ് (6) പ്രവർത്തി ദിവസങ്ങൾക്ക് ശേഷം വരുന്ന ഒരു ദിവസം അവധി അനുവദനീയമാണ്. അപ്രകാരമല്ലാത്ത മറ്റ് അവധികളിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ വേതനത്തിൽ നിന്നും ആനുപാതികമായി ദിവസവേതനം കണക്കാക്കി ആതുക കുറവ് വരുത്തി നൽകേണ്ടതാണ്.

ഒപ്പ്/-

ഡോ. മീനാക്ഷി

അഡീഷണൽ ഡയറക്ടർ ( പി.എച്ച് ) ഇൻചാർജ്ജ്

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും/ താൽക്കാലിക നിയമനം ലഭിച്ച അപേക്ഷകർക്കും.

( ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ് വ്യക്തിഗത പകർപ്പ് അയച്ചുതരുന്നതല്ല)

പകർപ്പ്:-

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
2. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്.

എം.എസ് 9/10/18

0422529